Published on 28.11.2015

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 376

# 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2015

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 376

# 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ

1094/2015.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 376

# 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ

## ഭാരതത്തിന്റെ ഭരണഘടനയ്ക്കു വിധേയമായി കേരള സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷയായി മലയാളത്തെ സ്വീകരിക്കുന്നതിനും എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കുന്നതിനും കേരളത്തിന്റെ സമസ്ത മേഖലകളിലും മലയാള ഭാഷയുടെ ഉപയോഗം വ്യവസ്ഥ ചെയ്യുന്നതിനും മലയാള ഭാഷയുടെ വളർച്ചയും പരിപോഷണവും പരിപാലനവും ഉറപ്പു വരുത്തുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—ഭാരതത്തിന്റെ ഭരണഘടനയ്ക്കു വിധേയമായി കേരള സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷയായി മലയാളത്തെ സ്വീകരിക്കുന്നതിനും എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കുന്നതിനും കേരളത്തിന്റെ സമസ്ത മേഖലകളിലും മലയാള ഭാഷയുടെ ഉപയോഗം വ്യവസ്ഥ ചെയ്യുന്നതിനും മലയാള ഭാഷയുടെ വളർച്ചയും പരിപോഷണവും പരിപാലനവും ഉറപ്പുവരുത്തുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

### അദ്ധ്യായം I

### പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) ''അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ'' എന്നാൽ ഈ ആക്റ്റിന്റെ ഭരണനിർവ്വഹണ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥനോ എന്നർത്ഥമാകുന്നു;

(ബി) "ഒന്നാം ഭാഷ" എന്നാൽ ഭാഷാപഠനത്തിന്റെ ഭാഗമായി നിർബന്ധമായും പഠിപ്പിക്കേണ്ട ഭാഷ എന്നർത്ഥമാകുന്നു;

(സി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഡി) "ഭാഷാന്യൂനപക്ഷം" എന്നാൽ ആശയവിനിമയത്തിനായി പരമ്പരാഗതമായി തമിഴ്, കന്നട എന്നീ ഭാഷകൾ ഉപയോഗിക്കുന്ന കേരള നിവാസികൾ എന്നർത്ഥമാകുന്നു;

(ഇ) ''ഔദ്യോഗിക ഭാഷ'' എന്നാൽ ഔദ്യോഗിക ആവശ്യങ്ങൾക്കുള്ള ആശയവിനിമയത്തിനായി സംസ്ഥാനത്ത് ഉപയോഗിക്കുന്ന ഭാഷ എന്നർത്ഥമാകുന്നു;

(എഫ്) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ജി) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

## അദ്ധ്യായം II

## മലയാള ഭാഷാ വികസന വകുപ്പ്

3. മലയാള ഭാഷാ വികസന വകുപ്പിന്റെ രൂപീകരണം.—സംസ്ഥാന സർക്കാർ, ഈ ആക്റ്റിന്റെ പ്രാരംഭതീയതിക്കുശേഷം, കഴിയുന്നത്രവേഗം, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ കേരള സംസ്ഥാനമൊട്ടാകെ കാര്യക്ഷമമായും ഫലപ്രദമായും നടപ്പാക്കുന്നതിനായി മലയാള ഭാഷാ വികസന വകുപ്പ് എന്ന പേരിൽ ഒരു വകുപ്പ് സെക്രട്ടേറിയറ്റിൽ രൂപീകരിക്കേണ്ടതും ആയതിന്റെ ഘടനയും, ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും സേവനം സംബന്ധിച്ച നിബന്ധനകളും ഉപാധികളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതുമാണ്.

## അദ്ധ്യായം III

## ഔദ്യോഗിക ഭാഷയുടെ ഉപയോഗം

4. നിയമനിർമ്മാണ മേഖല.—(1) സംസ്ഥാനത്തെ നിയമനിർമ്മാണവുമായി ബന്ധപ്പെട്ട്,—

(i) കേരള സംസ്ഥാന നിയമസഭയിൽ അവതരിപ്പിക്കുന്ന ബില്ലുകൾ, സഭ പാസ്സാക്കുന്ന ആക്റ്റുകൾ എന്നിവയിലും;

(ii) ഭരണഘടനയുടെ 213-ാം അനുച്ഛേദമനുസരിച്ച് കേരള ഗവർണ്ണർ വിളംബരപ്പെടുത്തുന്ന ഓർഡിനൻസുകളിലും;

(iii) ഭരണഘടനപ്രകാരമോ പാർലമെന്റോ കേരള സംസ്ഥാന നിയമസഭയോ ഉണ്ടാക്കിയ ഏതെങ്കിലും നിയമപ്രകാരമോ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളിലും ചട്ടങ്ങളിലും റെഗുലേഷനുകളിലും ബൈലാകളിലും,

ഉപയോഗിക്കേണ്ട ഭാഷ മലയാളമായിരിക്കേണ്ടതും അപ്രകാരം മലയാള ഭാഷ ഉപയോഗിക്കുമ്പോൾ അവയുടെ ഇംഗ്ലീഷ് പരിഭാഷ കൂടി പ്രസിദ്ധീകരിക്കേണ്ടതുമാണ്.

(2) ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രധാനപ്പെട്ട കേന്ദ്ര ആക്റ്റുകളും സംസ്ഥാന ആക്റ്റുകളും അവയിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ ഉൾപ്പെടുത്തി മലയാളത്തിലേക്ക് തർജ്ജമ ചെയ്യേണ്ടതാണ്.

(3) ആക്റ്റുകൾക്ക് കീഴിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ചട്ടങ്ങൾ മലയാളത്തിലും പ്രസിദ്ധീകരിക്കേണ്ടതാണ്.

5. ഔദ്യോഗികഭാഷാ മേഖല.—(1) ഇന്ത്യൻ ഭരണഘടനയുടെ 346, 347 അനുച്ഛേദങ്ങൾക്ക് വിധേയമായി കേരള സംസ്ഥാനത്തെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും ഉപയോഗിക്കേണ്ട ഭാഷ മലയാളമായിരിക്കേണ്ടതാണ്.

(2) സർക്കാരിന്റെ കീഴിൽ നിലവിലുള്ളതും ഭാവിയിൽ പുതിയതായി രൂപീകരിക്കുന്നതുമായ എല്ലാ വകുപ്പുകൾക്കും സർക്കാരിനു കീഴിലുള്ള അർദ്ധസർക്കാർ/ പൊതുമേഖലാ/സ്വയംഭരണ സഹകരണ സ്ഥാപനങ്ങൾക്കും (1)-ാം ഉപവകുപ്പ് ബാധകമായിരിക്കുന്നതാണ്:

എന്നാൽ,—

(എ) കേന്ദ്രസർക്കാർ, കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ, മറ്റു രാജ്യങ്ങൾ, മറ്റു സംസ്ഥാനങ്ങൾ, ഹൈക്കോടതി, സുപ്രീം കോടതി എന്നിവയുമായുള്ള കത്തിടപാടുകൾക്കും നിയമപരമായി ഇംഗ്ലീഷ് ഉപയോഗിക്കേണ്ടിവരുന്ന മറ്റേതെങ്കിലും സാഹചര്യത്തിലും ഇംഗ്ലീഷ് ഉപയോഗിക്കാവുന്നതാണ്;

(ബി) സംസ്ഥാനത്തെ ഭാഷാ ന്യൂനപക്ഷങ്ങൾ സംസ്ഥാന ഗവൺമെന്റ് സെക്രട്ടേറിയറ്റുമായും വകുപ്പദ്ധ്യക്ഷന്മാരുമായും മറ്റു സർക്കാർ ആഫീസുകളുമായും ഉള്ള അവരുടെ കത്തിടപാടുകളിൽ അവരുടെ ഭാഷകളോ ഇംഗ്ലീഷോ ഉപയോഗിക്കാവുന്നതും അങ്ങനെയുള്ള സംഗതികളിൽ അയയ്ക്കുന്ന മറുപടികൾ അതത് ന്യൂനപക്ഷ ഭാഷകളിലോ ഇംഗ്ലീഷിലോ ആയിരിക്കേണ്ടതുമാണ്.

6. വിദ്യാഭ്യാസ-ഗവേഷണ മേഖല.—മലയാള ഭാഷയല്ലാതെ മറ്റേതെങ്കിലും ഭാഷ, മാതൃഭാഷയായിട്ടുള്ള വിദ്യാർത്ഥികൾക്ക് അവരുടെ മാതൃഭാഷയ്ക്കു പുറമെ മലയാളം കൂടി പഠിക്കുവാൻ അവസരം നൽകേണ്ടതാണ്:

എന്നാൽ, ഇതരസംസ്ഥാനങ്ങളിൽ നിന്നും വിദേശരാജ്യങ്ങളിൽ നിന്നും കേരളത്തിൽ വന്ന് പഠിക്കുന്ന മലയാളികളല്ലാത്ത വിദ്യാർത്ഥികളെ IX-ാം സ്റ്റാൻഡേർഡിലും X-ാം സ്റ്റാൻഡേർഡിലും ഹയർ സെക്കണ്ടറി തലത്തിലും മലയാളം പരീക്ഷ എഴുതുന്നതിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

7. നിയമന മേഖല.—(1) പത്താം സ്റ്റാൻഡേർഡ് വരെയുള്ള ക്ലാസ്സുകളിൽ അല്ലെങ്കിൽ പ്ലസ് ടു തലത്തിലോ ബിരുദ തലത്തിലോ മലയാളം ഒരു വിഷയമായി പഠിച്ചിട്ടില്ലാത്തവർ സർക്കാർ ജോലിയിൽ നിയമനം ലഭിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകൾക്ക് പുറമേ ജോലി ലഭിച്ച് നിശ്ചിത കാലയളവിനുള്ളിൽ മലയാള ഭാഷാ പഠനവുമായി ബന്ധപ്പെട്ട് മലയാളം മിഷൻ നടത്തുന്ന സീനിയർ ഹയർ ഡിപ്ലോമയ്ക്ക് തുല്യമായ പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷ വിജയിക്കേണ്ടതാണ്:

എന്നാൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥ ബാധകമായിരിക്കുന്നതല്ല.

(2) ജോലിക്കുള്ള നിയമനത്തിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷനോ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയല്ലാതെ നിയമനം നടത്തുന്ന ഏതെങ്കിലും അർദ്ധ സർക്കാർ/സ്വയംഭരണ/പൊതുമേഖല/സഹകരണ സ്ഥാപനങ്ങളുണ്ടെങ്കിൽ അവയോ നടത്തുന്ന മത്സരപ്പരീക്ഷകളിലെ ചോദ്യങ്ങൾ മലയാളത്തിലും കൂടി തയ്യാറാക്കേണ്ടതാണ്.

8. ഏകീകൃത ലിപി വിന്യാസം.—ശാസ്ത്ര സാങ്കേതിക രംഗത്തെ വികസനത്തിന് അനുസൃതമായി ഏകീകൃത ലിപി വിന്യാസം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം നടപ്പിലാക്കേണ്ടതാണ്.

## അദ്ധ്യായം IV

9. കോടതിഭാഷ.—(1) ഹൈക്കോടതി തീരുമാനിക്കുന്ന പ്രകാരമുള്ള കീഴ് കോടതികളിലേയും കേസുകളിലേയും വിധിന്യായങ്ങൾ മലയാളത്തിൽ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത ആവശ്യത്തിലേക്കായുള്ള അടിസ്ഥാനസൗകര്യങ്ങൾ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം സർക്കാർ ഹൈക്കോടതിക്ക് ലഭ്യമാക്കേണ്ടതാണ്.

(2) പെറ്റികേസുകളിൽ വിധിന്യായങ്ങൾ മലയാളത്തിൽ പുറപ്പെടുവിക്കേണ്ടതാണ്.

കുറിപ്പ്:—"പെറ്റി കേസുകൾ" എന്നാൽ 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ 376-ാം വകുപ്പിന്റെ പരിധിയിൽ ഉൾപ്പെടുന്ന കേസുകൾ എന്നർത്ഥമാകുന്നു.

(3) മറ്റ് ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സർക്കാരിന് കീഴിലുള്ള അർദ്ധ ജുഡീഷ്യൽ അധികാരമുള്ള എല്ലാ സ്ഥാപനങ്ങളിലേയും ഉത്തരവുകൾ അല്ലെങ്കിൽ വിധിന്യായങ്ങൾ മലയാളത്തിലായിരിക്കേണ്ടതാണ്.

## അദ്ധ്യായം V

10. പൊതുവായ ഭാഷാവ്യാപന നടപടികൾ.—(1) സർക്കാർ അഥവാ സർക്കാരിന് കീഴിലുള്ള സ്വയംഭരണ, സഹകരണ, പൊതുമേഖലാ സ്ഥാപനങ്ങളുടെ പേര്, ഉദ്യോഗസ്ഥരുടെ പേര്, ഉദ്യോഗപ്പേര് എന്നിവ രേഖപ്പെടുത്തുന്ന ബോർഡുകൾ, പ്രസ്തുത സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള വാഹനങ്ങളുടെ ബോർഡുകൾ എന്നിവ മലയാളത്തിലും കൂടി രേഖപ്പെടുത്തേണ്ടതാണ്.

(2) സർക്കാരിന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ അനുമതിയോടെയോ അംഗീകാരത്തോടെയോ പ്രവർത്തിക്കുന്ന വാണിജ്യ-വ്യവസായ-വ്യാപാര സ്ഥാപനങ്ങൾ, ട്രസ്റ്റുകൾ, കൗൺസലിംഗ് സെന്ററുകൾ, ആശുപത്രികൾ, ലബോറട്ടറികൾ, വിനോദ കേന്ദ്രങ്ങൾ, ഹോട്ടലുകൾ എന്നിവയുടെ ബോർഡുകളുടെ ആദ്യപകുതി മലയാളത്തിൽ ആയിരിക്കേണ്ടതാണ്.

(3) സർക്കാരിന്റെ വിവിധ വകുപ്പുകളുടെയും സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മേൽനോട്ടത്തിൽ സ്ഥാപിക്കുന്ന ബോർഡുകളിൽ പ്രദർശിപ്പിക്കുന്ന വിവരങ്ങൾ മലയാളത്തിലും നൽകേണ്ടതാണ്.

(4) സർക്കാരിൽ നിന്നോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ പ്രതിഫലം വാങ്ങിച്ചുകൊണ്ട് ചെയ്യുന്ന ഏതൊരു പ്രവൃത്തിയോടനുബന്ധിച്ചും സ്ഥാപിക്കുന്ന ബോർഡുകൾ മലയാളത്തിന് പ്രാമുഖ്യം നൽകി പ്രദർശിപ്പിക്കേണ്ടതാണ്.

(5) സർക്കാരിന് കീഴിലുള്ളതോ സർക്കാരിൽ നിന്നോ അനുബന്ധ സ്ഥാപനങ്ങളിൽ നിന്നോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യമോ ഇളവോ പ്രതിഫലമോ സ്വീകരിച്ച് നടത്തുന്ന ഏതൊരു സംരംഭവുമായും ബന്ധപ്പെട്ട ബോർഡുകൾ, പരസ്യങ്ങൾ, രസീതുകൾ, ബില്ലുകൾ, അറിയിപ്പുകൾ തുടങ്ങിയവ മലയാളത്തിലായിരിക്കേണ്ടതാണ്.

(6) സംസ്ഥാനത്ത് നിർമ്മിക്കപ്പെടുന്നതോ വിൽക്കപ്പെടുന്നതോ ആയ എല്ലാ വ്യാവസായിക ഉൽപ്പന്നങ്ങളിലും അവയുടെ പേര് മലയാളത്തിലും രേഖപ്പെടുത്തേണ്ടതും അവയുടെ ഉപയോഗക്രമം വിശദമാക്കുന്ന ഉൽപ്പന്നങ്ങളിൽ ആയത് മലയാളത്തിൽ കൂടി രേഖപ്പെടുത്തേണ്ടതുമാണ്.

(7) സർക്കാർ നൽകുന്ന പരസ്യങ്ങൾ, പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾ കേരളത്തിനുള്ളിൽ പ്രചാരണം നൽകുമ്പോൾ മലയാളത്തിലായിരിക്കേണ്ടതാണ്.

(8) സർക്കാർ നടത്തുന്ന പരിപാടികളുടെ ലഘുലേഖകൾ, അറിയിപ്പുകൾ, നോട്ടീസുകൾ തുടങ്ങിയവ മലയാളത്തിലും രേഖപ്പെടുത്തേണ്ടതാണ്.

(9) സംസ്ഥാനത്ത് പൊതുജനങ്ങളുടെ അറിവിനായി പ്രസിദ്ധപ്പെടുത്തുന്ന പരസ്യങ്ങൾ, ബോർഡുകൾ, അറിയിപ്പുകൾ എന്നിവയിലും സംസ്ഥാനത്ത് പ്രസിദ്ധീകരിക്കപ്പെടുന്ന പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവയിൽ പ്രസിദ്ധപ്പെടുത്തുന്ന സർക്കാർ പരസ്യങ്ങൾ എന്നിവയിലും അവയുടെ വലിപ്പത്തിന്റെ നിശ്ചിത ശതമാനം മലയാളത്തിലായിരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ പരസ്യങ്ങളുടെ തരംതിരിക്കൽ, മലയാളത്തിലായിരിക്കേണ്ട ഭാഗത്തിന്റെ തോത്/ശതമാനം എന്നിവ നിർണ്ണയിക്കപ്പെടേണ്ട പ്രകാരമായിരിക്കുന്നതാണ്. അവശ്യം ഇംഗ്ലീഷ് ഉപയോഗിക്കേണ്ട സാഹചര്യങ്ങൾ ഒഴികെയുള്ള അവസരങ്ങളിൽ പരസ്യങ്ങൾ മലയാളത്തിലായിരിക്കേണ്ടതാണ്.

## അദ്ധ്യായം VI

11. വിവരസാങ്കേതിക മേഖലയിൽ മലയാള ഭാഷയുടെ ഉപയോഗം.—(1) വിവര സാങ്കേതിക രംഗത്ത് മലയാള ഭാഷയുടെ ഉപയോഗം കാര്യക്ഷമമാക്കുന്നതിനായി സ്വതന്ത്ര സോഫ്റ്റ്‌വെയറുകളും അനുബന്ധ സംവിധാനങ്ങളും വികസിപ്പിക്കേണ്ടതും വിവരസാങ്കേതിക വകുപ്പ് അതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(2) സർക്കാരിന്റെ വിവിധ വകുപ്പുകളുടെയും അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും പൊതുമേഖല/സ്വയംഭരണ/സഹകരണ സ്ഥാപനങ്ങളുടെയും വെബ്സൈറ്റുകളിലെ വിവരങ്ങൾ മലയാളത്തിൽ കൂടി ലഭ്യമാക്കേണ്ടതും ഭാഷ തെരഞ്ഞെടുത്ത് ഉപയോഗിക്കത്തക്കവിധം വെബ്സൈറ്റ് സജ്ജമാക്കേണ്ടതുമാണ്.

(3) സർക്കാർ വകുപ്പുകളിൽ ഏർപ്പെടുത്തുന്ന ഇ-ഭരണ പദ്ധതിയിൽ മലയാളം കൂടി ഉപയോഗിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

12. മലയാള ഭാഷയുടെ വ്യാപനത്തിന് നൽകുന്ന പ്രോത്സാഹനങ്ങൾ.—മലയാള ഭാഷയുടെ വ്യാപനം കാര്യക്ഷമമാക്കുന്നതിനായി വിവരസാങ്കേതിക കാര്യങ്ങളിലുൾപ്പെടെ ക്രിയാത്മക നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുന്നവർക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.

13. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി, പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരമുണ്ടാക്കിയ ഏതൊരു ചട്ടവും അത് ഉണ്ടാക്കിയതിനു ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ അതിന്റെ മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന, ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനു ശേഷം, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കേണ്ടതാണ്.

14. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഗസറ്റിൽ വിജ്ഞാപനം ചെയ്ത ഉത്തരവുവഴി, അങ്ങനെയുള്ള വൈഷമ്യം നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ, വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള യാതൊരു ഉത്തരവും ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ട് വർഷക്കാലത്തിനുശേഷം പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഓരോ ഉത്തരവും അത് പുറപ്പെടുവിച്ചതിനുശേഷം, കഴിയുന്നത്ര വേഗം, നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

15. റദ്ദാക്കലും ഒഴിവാക്കലും.—(1) 1969-ലെ കേരള ഔദ്യോഗിക ഭാഷ ആക്റ്റ് (1969-ലെ 7) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ആക്റ്റ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരളത്തിലെ മാതൃഭാഷയായ മലയാളത്തിന്റെ ഉപയോഗം ഔദ്യോഗിക തലത്തിലും സമസ്ത മേഖലയിലും സാർവ്വത്രികമാക്കുന്നതിനും മലയാളഭാഷയുടെ വളർച്ചയും പരിപോഷണവും ഉറപ്പുവരുത്തുന്നതിനും കേരള ഔദ്യോഗിക ഭാഷകൾ ആക്റ്റ് 1969-ലെ പോരായ്മകൾ പരിഹരിച്ച് ഭരണതലത്തിൽ മലയാളഭാഷ സംബന്ധമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു സമഗ്ര നിയമം ആവശ്യമാണെന്ന് സർക്കാർ കരുതുന്നു.

2. പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1. ഗസറ്റ് വിജ്ഞാപനംവഴി, മലയാളഭാഷാ വികസന വകുപ്പ് രൂപീകരിക്കുന്നതിനും, ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും സേവനം സംബന്ധിച്ച നിബന്ധനകളും ഉപാധികളും നിർണ്ണയിക്കുന്നതിനും, ബില്ലിലെ 3-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ശാസ്ത്ര സാങ്കേതിക രംഗത്തെ വികസനത്തിന് അനുസൃതമായി ഒരു ലിപി വിന്യാസം നടപ്പിലാക്കാൻ ബില്ലിലെ 8-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

3. ഹൈക്കോടതി തീരുമാനിക്കുന്നത് പ്രകാരമുള്ള കീഴ്ക്കോടതികളിലെയും കേസുകളിലെയും വിധിന്യായങ്ങൾ മലയാളത്തിൽ പുറപ്പെടുവിക്കുന്നതിനുള്ള

നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി ഹൈക്കോടതിക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ബില്ലിലെ 9-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

4. മലയാള ഭാഷയുടെ വ്യാപനം കാര്യക്ഷമമാക്കുന്നതിനായി വിവര സാങ്കേതിക കാര്യങ്ങളിലുൾപ്പെടെ ക്രിയാത്മക നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുന്നവർക്ക് പ്രോത്സാഹനം നൽകുന്നതിന് പദ്ധതി ആവിഷ്കരിക്കാൻ ബില്ലിലെ 12-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

5. ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി പിൽക്കാല പ്രാബല്യത്തോടുകൂടി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് ബില്ലിലെ 13-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

6. ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിന് എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം സർക്കാരിന് ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്ന ഉത്തരവുവഴി അങ്ങനെയുള്ള വൈഷമ്യം നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ ഉണ്ടാക്കാൻ ബില്ലിലെ 14-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

ഉമ്മൻ ചാണ്ടി.